# കർത്താവിൽ മരിക്കുന്ന മൃതന്മാർ

ഡോ,മാത്യു കോശി പുന്നയ്ക്കാട്

കടക്കാരനിൽ നിന്നു രക്ഷപെടുവാൻ ജനങ്ങൾ ആത്മഹത്യ ചെയ്യുകയാണ്. ഒന്നല്ല, രണ്ടല്ല നൂറുകണക്കിനാളുകൾ. ഇവർ സ്വർഗരാജ്യത്തിലേക്കു പ്രവേശനം കാത്തു കിടക്കുകയുമാണ്. ഭൂമിയിൽ നല്ലപോർ പൊരുതു പോരാട്ടം തികച്ചവരും പ്രവേശത്തിനായി സ്വർഗകവാടത്തിൽ കെട്ടിക്കിടക്കുന്നു. കടത്തിൽ നിന്നു രക്ഷപെടുവാൻ ഗതികെട്ട് ആത്മഹത്യചെയതവരുടെ കാര്യം തീരുമാനിച്ചിട്ടു മതി മറ്റുള്ളവരുടെ കാര്യം തീരുമാനിക്കുവാനെന്നാണ് കടപ്പെട്ട ആത്മാക്കൾ പറയുന്നത്. പണ്ടൊക്കെ ഇതുപോലെയുള്ള ഒന്നും രണ്ടും കേസു കെട്ടുകൾ മാത്രമെ പത്രോസ് ശ്ലീഹായുടെ മുമ്പിലെത്തിയിരുന്നുള്ളു. കാര്യം തീരുമാനിക്കുവാനെളുപ്പം. നേരെ നരകത്തിലേക്കു പോകുവാൻ ഓർഡറിട്ടാൽ മതിയായിരുന്നു. കുറെ നേരം കരഞ്ഞും പ്രതിഷേധിച്ചുമൊക്കെ നിന്നതിനു ശേഷം പോകുകയാണ് പതിവ്. ഇന്നത്തെ സ്ഥിതി അതല്ല. ആയിരക്കണക്കിനാളുകൾ ഒരു വിഷയത്തിൽ തീർപ്പും പ്രതീക്ഷിച്ചു പത്രോസ് ശ്ലീഹായുടെ മുമ്പിൽ നില്ക്കുന്നു. ക്രമസമാധാന പ്രശ്നമായപ്പോൾ പത്രോസ് ശ്ലീഹാ ഒന്നു പരുങ്ങി. തീർപ്പു കല്പിച്ചാൽ നടക്കാതെ വന്നാലെന്തു ചെയ്യും. ഉടനെ ഉത്തരം പറയുവാൻ പറ്റാത്ത കാര്യങ്ങൾ മാറ്റി വെച്ചാൽ, ശരിയായ വഴി ക്രമേണ ഉണ്ടാകുമെന്നതാണ് ഒരു തത്വം. അങ്ങനെയാണ് ഇത്രയും നീട്ടിയതു തന്നെ. ഓരോ ദിവസം കേസ് പരിഗണനയ്ക്കെടുക്കുമ്പോഴും സംഗതി കൂടുതൽ വഷളാകുകയാണ്. ദിവസവും നുറു കണക്കിനാളുകളാണ് വരുന്നത്. അതിൽ നല്ലയൊരു സംഖ്യ കേരളത്തിൽ നിന്നും. സത്യാഗ്രഹം, ഘരോവാ തുടങ്ങിയ മുറകളറിയാവുന്ന നൂറുകണക്കിനാളുകളെ കൈകാര്യം ചെയ്യുന്നത് സൂക്ഷിച്ചു വേണമെന്നു പത്രോസ് ശ്ലീഹായ്ക്കറിയാം. ഭൂമിയിൽ നല്ലപോർ പൊരുതു പോരാട്ടം തികച്ചവരാണ് കർത്താവിൽ മരിക്കുന്നവർ. അവർക്കാണ് ഗ്രീൻ ചാനൽ. ഗ്രീൻ ചാനലിൽ കൂടി സ്വർഗത്തിൽ പ്രവേശിക്കേണ്ടവരുടെ വഴി മുടക്കിയിരിക്കുന്നുവെന്നു മാത്രമല്ല അവരെ കാണുവാൻ പോലും പത്രോസ് ശ്ലീഹായ്ക്കു സാധിക്കുന്നില്ല. പത്രോസ് ശ്ലീഹാ മനസ്സിൽ ഇപ്രകാരം ചിന്തിച്ചു

"സത്യത്തിൽ സഹാനുഭുതി പ്രകടിപ്പിക്കുവാൻ പോയതല്ലെ തെറ്റ്. യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാൻ ഭയപ്പെട്ട്, ഭാര്യയെയും കുഞ്ഞുങ്ങളെയും അനാഥരാക്കി വന്നിരിക്കുന്ന ഇവരോട് ഞാനെന്തിനു ദയവ് കാണിക്കണം. എന്തു ചെയ്യാം. തീരുമാനമെടുക്കുന്നതിൽ വളരെ താമസിച്ചു പോയിരിക്കുന്നു. ഫലമോ കാര്യം നിയന്ത്രണങ്ങൾക്കുമപ്പുറമായിരിക്കുന്നു. ഈ സ്ഥിതിയിൽ എന്തും കാണിക്കുവാൻ മടിക്കാത്തവർ. ദൈവത്തെ നേരിട്ടു കാണണം പോലും. തങ്ങളുടെ ദയാ ഹർജി ദൈവം പരിഗണിക്കുമെന്നവർ വിശ്വസിക്കുന്നു".

കാര്യങ്ങളെല്ലാം സെൻസേഷണലായി കൈകാര്യം ചെയ്യുവാൻ കഴിവുള്ള കേരളത്തിലെ പത്രക്കാരുടെ കൈയ്യിൽ വാർത്ത കിട്ടിയാൽ എങ്ങനെയാവും കൈകാര്യം ചെയ്യുകയെന്നു ഓർത്തു നോക്കിയപ്പോൾ പത്രോസ് ശ്ലീഹാ ഒന്നു ഞെട്ടി.

"പരേതർ ദൈവസന്നിധിയിൽ സങ്കടഹർജിയുമായി. ..പത്രോസ് ശ്ലീഹാ തിരിഞ്ഞു നോക്കിയില്ല...
പരേതരുടെ അനധികൃത കൈയ്യേറ്റം തടയണമെന്നാവശ്യം ശക്തമാകുന്നു.... ദൈവത്തിന്റെ നിസ്സഹായവസ്ഥ പ്രതിസന്ധി സൃഷ്ടിക്കും...."

പിന്നെ രാഷ്ട്രീയക്കാർ അടങ്ങിയിരിക്കുമോ. ദൈവം നീതി പാലിക്കണമെന്നു മുദ്രാവാക്യം മുഴക്കി പൊതുജനങ്ങളുടെയിടയിലേക്കിറങ്ങിയാൽ ദൈവത്തിനു അതിൽ കൂടുതൽ നാണക്കേട് വരാനുണ്ടോ. പത്രക്കാർ അറിയുന്നതിനു മുമ്പു പ്രശ്നങ്ങൾ തീർക്കുക തന്നെ

ക്രമസമാധാന പ്രശ്നമായിത്തീർന്നതിനാൽ, പ്രശനം ദൈവത്തിന്റെ മുമ്പിലെത്തി. ആയിരക്കണക്കിനാത്മാക്കളെ ഒരുമിച്ചു കാണുവാൻ ദൈവം തയ്യാറായില്ല. പ്രശ്നം ഗുരുതരമായി തുടരുന്നുവെന്നു മാത്രമല്ല കൂടുതൽ വഴളാകുകയും ചെയ്യുന്നതായി പത്രോസ് ശ്ലീഹാ ദൈവത്തെ ബോദ്ധ്യപ്പെടുത്തിയതിനാൽ പത്രോസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ ആത്മഹത്യ ചെയ്തവരുടെ രണ്ടു പ്രതിനധികളെ കാണുവാൻ ദൈവം സമ്മതിച്ചു. അങ്ങനെ പ്രവേശനം ലഭിച്ചവർ രണ്ടു പേരും കേരളത്തിൽ നിന്നുള്ളവരായിരുന്നു. തങ്ങളുടെ സങ്കടം അവർ ബോധിപ്പിച്ചു.

"തമ്പുരാനെ ഞങ്ങൾ കർഷകരായിരുന്നു. ഇപ്പോൾ എല്ലാവരും ഏതവശ്യമുണ്ടായാലും ഉടനെ ചെന്നു പണം കടമെടുക്കും. പഴയതു പോലെയല്ല ഇപ്പോൾ അത്യാവശ്യത്തിനു പണം ലഭിക്കുവാൻ ഒരു പ്രയാസവുമില്ല. ബ്ലേഡ് കമ്പനികളിൽ നിന്നു പണം, പണയപ്പെടുത്തിയെടുക്കാം. കൃഷി വിപുലമാക്കുവാനായി ഞങ്ങളും ബ്ല്ളേഡ് കമ്പനികളിൽ നിന്നു പണം കടമെടുത്തു. കീടങ്ങൾ കൃഷിയെ ആക്രമിച്ചപ്പോൾ കീടനാശിനികൾ ഉപയോഗിക്കുവാൻ വീണ്ടും പണം കടമെടുത്തു. കീടനാശിനികളെ തോല്പിച്ചു കീടങ്ങൾ കൃഷി മുഴുവനായി നശിപ്പിച്ചു. തകർന്നു തരിപ്പണമായപ്പോൾ വീണ്ടും കടമെടുത്തു. വീണ്ടും കൃഷി പരാജയപ്പെട്ടു. ഇനിയും കടമെടുക്കുവാൻ പണയപ്പെടുത്തുവാൻ യാതോന്നുമില്ല. വഴിയാധാരമായി. ഭാര്യയുടെയും മക്കളുടെയും മുഖത്തു നോക്കുവാനാവാതെ, മറ്റോരു വഴി കാണുവാനാവാതെ ജീവനോടുക്കുവാൻ തീരുമാനിച്ചു. കടമെടുത്ത പണം തിരിച്ചു കൊടുക്കുവാൻ യാതോരു നിർവാഹവുമില്ല. കടക്കാരനായ ഞാൻ ജീവനോടുക്കുന്നതു വഴി പ്രശ്നത്തിനു ഒരു പരിഹാരമാകുമെന്നു കരുതി."

രണ്ടാമത്തെയാൾ അല്പം വ്യത്യാസമുള്ള മറ്റോരു കാര്യമാണ് പറഞ്ഞത്. “ബിസ്സിനസ്സ് വിപുലമാക്കുവാൻ തീരുമാനിച്ചു. കടമെടുത്തു. ബിസ്സിനസ്സ് പൊളിഞ്ഞു. കടക്കാരനായി. യാതോരു രക്ഷയുമില്ലാഞ്ഞതിനാൽ ജീവ നൊടുക്കുവാൻ തീരുമാനിച്ചു.”

“നിങ്ങൾ ക്രിസ്ത്യാനികളാണല്ലെ?.”

“അതെ തമ്പുരാനെ”

“നിങ്ങൾ വേദപുസ്തകം വായിക്കാറില്ലെ” .

“വായിക്കും”

“നിങ്ങളുടെ വൈദികർ വേദപുസ്തകം വ്യാഖ്യാനിച്ചു തരാറില്ലെ” .

കടക്കാരായ ആത്മാക്കൾ ആരേയും പിണക്കേണ്ടായെന്നു കരുതി ഉത്തരം പറഞ്ഞില്ല.

“പണ്ട് രാജാക്കന്മാരുടെ ഭരണ കാലത്തു ഇതു പോലെ ഒരു സംഭവമുണ്ടായി. കടം വാങ്ങിയ ആൾ മരിച്ചു പോയി(രണ്ട് രാജാക്കന്മാർ നാലാം അദ്ധ്യായം). വേദഭാഗം നിങ്ങൾ വായിച്ചിട്ടില്ലെ? ”

“വേദപുസ്തകം വായിക്കാറുണ്ട്. എന്തെങ്കിലും നല്ല കാര്യങ്ങൾചെയ്യുന്നതിനു മുമ്പു വായിച്ചിട്ടേ ചെയ്യാറുള്ളു” .

“വേദപുസ്ത്കം അങ്ങനെ ലക്ഷണം വച്ചു വായിക്കാനുള്ള പുസ്തകമല്ല. വായിച്ചു മനസ്സിലാക്കി ഇന്നത്തെ ലോകത്തിനനുസരിച്ചു വ്യാഖ്യാനിച്ചു പ്രാവർത്തികമാക്കേണ്ടതാണ്. അങ്ങനെ ചെയ്യാഞ്ഞതു കൊണ്ടാണ് നിങ്ങ ളിപ്പോഴന്റെ പടിവാതില്ക്കൽ യാചിച്ചു നിൽക്കേണ്ട ഗതികേടുണ്ടായിരിക്കുന്നത്”.

“കൃഷി നന്നാക്കുവാൻ കടം വാങ്ങിച്ചു തിരികെ കൊടുക്കുവാൻ നിവർത്തിയില്ലാതെ വന്നാൽ എന്തു ചെയ്യണ മെന്നതിനെക്കുറിച്ചു വേദപുസ്തകത്തിൽ പറയുന്നില്ലല്ലൊ തമ്പുരാനെ” .

“വേദഭാഗങ്ങൾ ശരിയായ രീതിയിൽ വായിച്ചു വ്യാഖ്യാനിച്ചു മനസ്സിലാക്കിയിരുന്നെങ്കിൽ പ്രതിസന്ധി തരണം ചെയ്യുവാനുള്ള ദർശനം ലഭിച്ചേനേമായിരുന്നു”..

“അതെന്താണ് തമ്പുരാനേ”.

“കടം കൊടുത്ത ആൾ കടക്കാരന്റെ മക്കളെ പിടിച്ചു കൊണ്ട് പോയി അടിമയാക്കാൻ വന്നു”.

“അതു തന്നെയാ ഞങ്ങൾക്കും സംഭവിച്ചത്. അടിമയാക്കുന്നതിനു മുമ്പ് രക്ഷപെടുവാനുള്ള ഒരു മാർഗമെയു ണ്ടായിരുന്നുള്ളു”.

“കടം കയറി മരിച്ച ആളിന്റെ ഭാര്യ, തന്റെ പ്രശ്നം ഏലീശ പ്രവാചകന്റെ അടുക്കൽ അവതരിപ്പിച്ചു. ഏലീശ പ്രവാചകൻ സ്ത്രീയോട് ചോദിച്ചു. നിന്റെ കൈവശം എന്തുണ്ട്?. എല്ലാം നഷ്ടപ്പെട്ട സ്ത്രീയുടെ കൈവശം കുറച്ചു എണ്ണ മാത്രമെ ഉണ്ടായിരുന്നുള്ളു. കയ്യിലുള്ളതു ഏലീശയുടെ തീരുമാനപ്രകാരം വിനിയോഗിക്കുവാന വൾ സമർപ്പിച്ചു”.

“തമ്പുരാനെ ഞങ്ങളുടെ കൈവശം ഒന്നുമില്ലായിരുന്നു”

”സ്ത്രീയുടെ കൈവശം എണ്ണയുണ്ടായിരുന്നു. അതു ദൈവസന്നിധിയിൽ ഏല്പിച്ചപ്പോൾ പെരുകി. കടം വാങ്ങുന്നതിനു മുമ്പ് നിങ്ങളുടെ സമ്പാദ്യം ദൈവസന്നിധിയിൽ നിങ്ങൾ ഏല്പിച്ചില്ല. നിങ്ങളുടെ കയ്യിലുള്ള തിനെ അറുപതും നൂറും മേനിയായിത്തീർക്കുവാൻ എനിക്കറിയാം. യേശു ആയിരക്കണക്കിനാളുകളെ രണ്ട് സ്ഥലങ്ങളിൽ അഭിസംബോധന ചെയ്തു കഴിഞ്ഞതിനു ശേഷം അവർക്കു ഭക്ഷിക്കുവാൻ കൊടുത്ത കാര്യം നിങ്ങൾ വേദപുസ്തകത്തിൽ വായിച്ചിട്ടുണ്ടാകണം. ആഹാരം നല്കുവാൻ വിഷമിച്ച ശിഷ്യന്മാരോട് കർത്താവ് ചോദിച്ചത് ഇപ്രകാരമാണ്. നിങ്ങളുടെ കൈവശം എന്തുണ്ട് എന്നാണ്. കടം വാങ്ങിക്കുവാൻ പോകുന്നതിനു മുമ്പ് ആദ്യം ചിന്തിക്കേണ്ടത് സ്വന്തം കൈയ്യിൽ എന്തുണ്ട് എന്നാണ്. കൈയ്യിലുള്ളവ ദൈവസന്നിധിയിൽ ഏല്പിക്കുകയെന്നതാണ് ആദ്യം ചെയ്യേണ്ടത്”.

“തമ്പുരാനെ ഞങ്ങളുടെ കൈവശം കുറെ ഭൂമിയുണ്ടായിരുന്നു. അതിൽ കൃഷിയിറക്കുവാൻ പണം വേണം. രാസവളവും കീടനാശിനിയുമോക്കെ വേണം. പണം കിട്ടുവാൻ വേറെ മാർഗമില്ലായിരുന്നു”.

“രാസവളങ്ങളുപയോഗിച്ചു കൃഷി ചെയ്യുമ്പോൾ കീടനാശിനി വേണ്ടി വരും. കീടനാശിനി ഉപയോഗിച്ചു കൃഷി ചെയ്യുമ്പോൾ നിങ്ങൾ ഞാൻ സൃഷ്ടിച്ചതായ അനവധി ജീവജാലങ്ങളെ കൊല ചെയ്യുകയാണെന്നു മനസ്സിലാ ക്കണം. എല്ലാ ജീവ ജാലകങ്ങളും ഒത്തൊരുമയിലും സ്നേഹത്തിലും കഴിയുന്നയിടത്തെ ഞാൻ വിവക്ഷിക്കുന്ന സമൃദ്ധിയായ ജീവൻ ലഭ്യമാകു. ജൈവ വളകൃഷിയിൽ കീടങ്ങളുടെ ശല്യം കുറയുമെന്നു മാത്രമല്ല കടമെടു ക്കാതെ തന്നെ കൃഷി നടത്തുവാനുമാവും”.

“തമ്പുരാനെ, അങ്ങു ചെറിയ തോതിലുള്ള കൃഷിയെക്കുറിച്ചാണ് പറയുന്നത്. ഞങ്ങൾ വലിയ തോതിൽ കൃഷിയി റക്കുവാൻ ശ്രമിച്ചവരാണ്.”

“കടം വാങ്ങിയ പണം ഉപയോഗിച്ചു വലിയ തോതിൽ കൃഷിയിറക്കിയ മനുഷ്യരെ ഞാൻ അത്യാഗ്രഹികൾ എന്നാണ് പറയുക. പെട്ടെന്നു പണക്കാരനാകുവാൻ ആഗ്രഹിച്ചവർ. ചെറിയ തോതിൽ കൃഷിയിറക്കി സന്തോഷമായി കഴി ഞ്ഞിരുന്നവരല്ലെ നിങ്ങൾ. മുമ്പു നിങ്ങൾക്കു കടമെടുക്കേണ്ടി വന്നിരുന്നില്ലല്ലൊ. അത്യാർത്ഥി അപകടത്തിലേക്കു നയിക്കും.ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെ നിന്നു ഒന്നും കൊണ്ടു പോകുവാൻ കഴിയുന്നതുമല്ല.ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്ക (അപ്പോസ്തലനായ പൗലോസ് തീമോ ത്തിയോസിനോഴുതിയ ഒന്നാം ലേഖനം ആറാമദ്ധ്യായം). ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ പഠിക്ക ണം(ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ നാലാമദ്ധ്യായം)”.

“തമ്പുരാനെ, യാതോരുവിധ സ്വത്തുക്കളുമില്ലാതെ ആത്മഹത്യ ചെയ്യേണ്ടി വന്നവർ ഞങ്ങളുടെ കൂട്ടത്തിലുണ്ടു. പക്ഷേ യാതോരു വസ്തു വകകളുമില്ലാത്തതായ ആൾക്കാർ എന്തു ചെയ്യും തമ്പുരാനെ”. .“

"ഞാൻ ഭൂമിയുണ്ടോയെന്നല്ല ചോദിച്ചത്. നിങ്ങളുടെ കൈ വശം എന്തുണ്ട് എന്നാണ്. ഞാൻ എല്ലാ മനുഷ്യരിലും നന്മയുടെയോ, കഴിവിന്റെയോ എന്തെങ്കിലുമൊന്ന് നിക്ഷേപിച്ചിട്ടുണ്ട്. നിസ്സഹായവസ്ഥയിൽ എന്റെയടുക്കൽ വരുമ്പോൾ ഞാനതു അറുപതും നൂറും മേനിയാക്കുവാനനുവദിക്കും.. സകലവും നഷ്ടപ്പെട്ടാലും ഇവ മനുഷ്യനിൽ നിന്നെടുക്കുവാൻ ഞാനനുവദിക്കില്ല. സകലവും നഷ്ടപ്പെടുമ്പോൾ ഒന്നുമില്ലാത്തവനായി എന്റെ സന്നിധിയിൽ വരുമ്പോൾ ഞാനവരോട് നിങ്ങളുടെ ഉള്ളിലേക്കു തന്നെ നോക്കുവാൻ ആവശ്യപ്പെടും. നിന്നിലുള്ള സാദ്ധ്യതകളെ കാണുവാൻ ഞാനാവശ്യപ്പെടും. പാടുവാൻ, പ്രസംഗിക്കുവാൻ, എഴുതുവാൻ, സ്നേഹിക്കുവാൻ, കരുതുവാൻ, ... ഇവയെല്ലാം ഞാൻ മനുഷ്യനിൽ നിക്ഷേപിച്ചിട്ടുള്ളവയാണ്. അവ പ്രയോഗിക്കുവാൻ പറ്റിയ വേദികൾക്കു വഴിയുണ്ടാകും. നിങ്ങൾക്കു രണ്ടു പരാജയങ്ങൾ പറ്റി.".

"അതെന്താണ് തമ്പുരാനെ".

"എന്റെ വഴികളെ ശരിയായ രീതിയിൽ മനസ്സിലാക്കാഞ്ഞതാണ് അത്. നിങ്ങൾ നിങ്ങളുടെ കൈയിലുള്ളതെന്നെ പൂർണ്ണമായി ഏല്പിച്ചില്ല. രണ്ട്. ഉള്ളതു കൊണ്ട് തൃപ്തിപ്പെടാതെ നിങ്ങൾ ആർത്തിയോടെ പെരുമാറി"..

"താലന്തുള്ള എത്രയോ പേരുണ്ട്. അവരൊക്കെ ജീവിക്കുവാൻ വിഷമിക്കുന്നതു ഞങ്ങൾ കാണുന്നതല്ലെ"..

"താലന്തുകൾ പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കുന്ന അയൽക്കാരുടെ ഒരു നല്ല കൂട്ടായ്മയുണ്ടാകണം"

"അതെങ്ങനെ സാധിക്കും തമ്പുരാനെ".

"സ്ത്രീയോടു പറഞ്ഞതു നീ അയൽവക്കത്തു പോയി ഭരണികൾ സംഭരിച്ചു എണ്ണ അതിലേക്കു പകരുവാനാണ്. സഹകരണമുള്ള അയൽക്കാരിലൂടെ മാത്രമേ ദൈവസ്നേഹം അനുഭവിച്ചറിയുവാൻ സാധിക്കൂ". അയൽക്കാർ കൊടുത്ത ഭരണി മുഴുവനും എണ്ണ നിറച്ചെടുത്തു. അയൽവക്കങ്ങളുടെ കൂട്ടായ്മ സജീവമാകുന്നതിലുടെ എല്ലാവർക്കും വളരുവാനും പങ്കിടുവാനും സാധിക്കും. നല്ല അയൽക്കാരനെക്കുറിച്ചു പറഞ്ഞിട്ടുള്ളതു നിങ്ങൾ വായിച്ചിട്ടുണ്ടാകണം".

"കേരളത്തിൽ ഇപ്പോൾ അയൽക്കൂട്ടങ്ങളുണ്ട്".

"ശരിയാണ്. അയൽക്കൂട്ടങ്ങളുടെ സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ നിങ്ങൾക്കു സാധിച്ചില്ല. അയൽക്കൂട്ടങ്ങൾ വിഭവങ്ങൾ പങ്കുവയ്ക്കുന്ന, കരുതുന്ന, സഹകരിക്കുന്ന, സഹായിക്കുന്ന ഒരു കമ്മൂണിറ്റിയായി തീരുമ്പോൾ നിങ്ങൾക്കു ജീവനവസാനിപ്പിക്കുവാൻ തോന്നുകയില്ലായിരുന്നു. നിങ്ങൾ മറ്റുള്ളവർക്കു കടക്കാരനാകുകയുമില്ലായിരുന്നു".

"തമ്പുരാനേ ഇതൊന്നും ഞങ്ങൾക്കാരും പറഞ്ഞു തന്നില്ല. ഞങ്ങളോട് ക്ഷമിക്കണം. ഞങ്ങളിനിയും ഭംഗിയായി ജീവിച്ചു കൊള്ളാം".

""നിങ്ങൾ വേദപുസ്തകം ശരിയായി വായിച്ചില്ല. പങ്കിടുന്നതായ അനുഭവമുള്ളയിടത്തെ ഞാൻ അനുഗ്രഹം ചൊരിയൂ. നമ്മുടെ ഉള്ളിലുള്ള കഴിവുകൾ വികസിപ്പിച്ചെടുക്കുവാൻ കഴിയുമെന്ന വിശ്വാസം നമുക്കുണ്ടാകണം.അതു പങ്കു വയ്ക്കുവാൻ അയൽക്കാരുടെ ഒരു കൂട്ടായ്മ നമുക്കുണ്ടാകണം. എല്ലാവർക്കും ഒരവസരമേ ലഭിക്കൂ. അതു ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കണം".

"തമ്പുരാനെ ഞങ്ങളോട് ക്ഷമിക്കണം. ഞങ്ങളെ തിരികെ ഭൂമിയിലേക്കു പോയി ജീവിക്കുവാനനുവദിക്കണം".

"നിങ്ങളുൾപ്പെടുന്ന പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളും റിവേഴ്സ് ഗീയറില്ലാത്ത ഒരു വിമാനത്തിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു ".

"ലോകത്തിന്റെ പരിപാലകനായ അങ്ങു വിചാരിച്ചാൽ ഞങ്ങൾക്കു തിരികെ പോകുവാൻ സാധിക്കും".

"റിവേഴ്സ് ഗീയറില്ലാത്ത ഒരു വിമാനത്തിൽ വൃത്താകൃതിയിൽ ഈ പ്രപഞ്ചം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ് . മനുഷ്യൻ മണ്ണിൽ നിന്നു വന്നു തിരികെ മണ്ണിലേക്കു തന്നെ ചെല്ലണം. മനുഷ്യ ശരീരരത്തെ മണ്ണിലേക്കു ലയിപ്പിക്കുന്ന ജോലി ബാക്ടീരിയാകൾക്കും പുഴുക്കൾക്കുമാണ് നൽകിയിരിക്കുന്നത്. നിങ്ങളുടെ ശരീരത്തിൽ, അവരാ ജോലി ഏതാണ്ട് പകുതി ചെയ്തു കഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ ശരീരം മറ്റു ജീവന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഞാനേല്പിച്ച ജോലി ഭംഗിയായി ചെയ്യുന്നവരെ മുമ്പോട്ടു പോകുവാനനുവദിക്കുന്നതാണ് എന്റെ നിയമം. അവർക്കാണ് ഗ്രീൻ ചാനൽ. നിത്യതയിൽ അഭയം പ്രാപിക്കുന്നവർ അവരാണ്. ദൈവീക ഉദ്ദേശം മനസ്സിലാക്കാതെ നിരുത്തരവാദപരമായി പെരുമാറിയവർക്കു വേണ്ടി ഭംഗിയായി ജോലി ചെയ്യുന്നവരെ എനിക്കു ശിക്ഷിക്കാനാവില്ല. അതു ശരിയുമല്ലല്ലൊ".

തുടർന്നുണ്ടായ ഭൂകമ്പത്തിൽ വെള്ള സിംഹാസനവും അതിൽ ദൈവവും പ്രത്യക്ഷമായി. ജീവന്റെ പുസ്തകം തുറന്നു..പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കു തക്കവണ്ണം ന്യായവിധി ഉണ്ടായി. ഓരോരുത്തനു അവന്റെ പ്രവൃത്തികൾക്കടുത്ത വിധിയുണ്ടായി. ജീവന്റെ പുസ്തകത്തിൽ പേരെഴുതി ക്കാണാത്ത ഏവരേയും തീപ്പൊയകയിൽ തള്ളിയിട്ടു. സ്വർഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു "ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ.അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവർത്തി അവരെ പിന്തുടരുന്നു".

---

(ഡോ.മാത്യു കോശി പുന്നയ്ക്കാട്, പ്രിൻസിപ്പൽ, ബിഷപ്പ് മൂർ കോളജ്, മാവേലിക്കര. 09847275754)